MR. V. GANGADHARAN NAIR (*Quilon III—General*) : കാലാവസ്ഥ അനുകൂലമായ പ്രദേശത്തു് വളരെ കുഴപ്പങ്ങൾ ഉണ്ടാക്കുന്നുണ്ടെന്നുള്ള ഈ പ്രശ്നത്തെ അഭിമുഖീകരിക്കുമ്പോൾ ഗവണ്മെൻറ് ശ്രദ്ധിക്കേണ്ടതാണു്.

ANNOUNCEMENTS BY THE PRESIDENT RE: LUNCH INTERVEL.

MR. PRESIDENT : ഇനി എനിക്കു് ഒരു പ്രസ്താവന ചെയ്യുവാൻ ഉണ്ടു്. സാധാരണ ഒരു മണിവരെയാണു് സഭാനടപടികൾ നടന്നു പതിവു്. അതു കഴിഞ്ഞു് ലഞ്ചിനായി പിരിയുന്നു. എന്നാൽ ഈ കവള്ളിയാഴ്ചയാകകൊണ്ടു്, മുസ്ലീം മെമ്പറന്മാരെ ഉദ്ദേശിച്ചു് ഒരു മണിക്കു് സഭ പിരിയുന്നതും വീണ്ടും രണ്ടു മണിക്കു് കൂടുന്നതും ആണു്.

ELECTIONS TO THE INDIAN CONSTITUENT ASSEMBLY

അടുത്തതായി എനിക്കു പ്രസ്താവിക്കുവാനുള്ളതു് ഇൻഡ്യൻ കാൺസ്റ്റിട്ടുവൻറ് അസംബ്ലിയിലേക്കുള്ള തെരഞ്ഞെടുപ്പിനെപ്പറ്റിയാണു്.

ഇൻഡ്യൻ കാൺസ്റ്റിട്ടുവൻറ് അസംബ്ലിയിലേക്കു് ന്യ അംഗങ്ങളെ തിരുവിതാംകൂറിൽനിന്നും അയയ്ക്കുന്നതിനു് അവകാശമുണ്ടെന്നു് കാൺസ്റ്റിട്ടുവൻറ് അസംബ്ലിതന്നെ പ്രഖ്യാപനം ചെയ്തിട്ടുള്ളതാണു്. കാൺസ്റ്റിട്ടുവൻറ് അസംബ്ലിയുടെ നിശ്ചയമനുസരിച്ചു് പകുതിയിൽ കുറയാതെ അംഗങ്ങളെ തെരഞ്ഞെടുത്തയയ്ക്കേണ്ടതാണെന്ന മാത്രമെ വ്യവസ്ഥയുള്ളു. എന്നാൽ മഹാരാജാവുതിരുമനസ്സിലെ ഗവണ്മെൻറിൽ നിന്നും, മുഴുവൻ അംഗങ്ങളേയും ഈ സഭയിൽനിന്നും തെരഞ്ഞെടുത്തയയ്ക്കുന്നതിനു് അനുവദിച്ചിരിക്കുകയാണു്. ഈ നിലയ്ക്കു് ഈ സഭ ന്യ അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടിയിരിക്കുന്നു. തെരഞ്ഞെടുപ്പു് ആനുപാതികപ്രാതിനിധ്യതത്വമനുസരിച്ചു് കൈമാറാം ചെയ്യാവുന്ന ഒറ്റ വോട്ടുമൂലം (Proportionate representation by single transferable vote) നടത്തുന്നതായിരിക്കും. ഈ തെരഞ്ഞെടുപ്പു് അടിയിൽ വിവരിക്കുന്ന വ്യവസ്ഥകളനുസരിച്ചു നടത്തുന്നതാണു്.

(ക) ഇന്നു കഴിഞ്ഞു് രണ്ടു മണിക്കുമുൻപായി നാമനിർദ്ദേശപത്രികകൾ സഭാസെക്രട്ടറിയെ ഏൽപ്പിച്ചിരിക്കേണ്ടതാണു്. നാമനിർദ്ദേശപത്രികയിൽ നിർദ്ദേശകനായി ഒരംഗവും അനുവാദകനായി മറെറാരംഗവും ഒപ്പിട്ടിരിക്കേണ്ടതും നാമനിർദ്ദേശം ചെയ്യപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly